# ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

DATE: 15-06-2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1.) പ്രധാനമന്ത്രി നരേന്ദ്ര മോദി സ്ലൊവാക് പ്രധാനമന്ത്രി റോബർട്ട് ഫിക്കോയുമായി ബ്രാറ്റിസ്ലാവയിൽ കൂടിക്കാഴ്ച നടത്തി. പ്രതിരോധം, ഡിജിറ്റൽ സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാൻ ഇരു രാജ്യങ്ങൾക്കുമിടയിൽ ധാരണ.

Prime Minister Narendra Modi and his Slovak counterpart, Robert Fico, held delegation-level talks in Bratislava today.

2.) പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിച്ച്, സമാധാന കരാറിൽ ഒപ്പുവയ്ക്കാനുള്ള അമേരിക്കയുടെയും ഇറാന്റെയും തീരുമാനത്തെ സ്വാഗതം ചെയ്ത് ഇന്ത്യ.

India has welcomed the understanding reached between the United States and Iran on ending the conflict in West Asia, which has caused serious economic disruption across the world and led to loss of life in many countries.

3.) രാജ്യത്ത് പെട്രോളിന്റെയും ഡീസലിന്റെയും ശേഖരം മതിയായ അളവിൽ ലഭ്യമാണെന്ന് കേന്ദ്ര സർക്കാർ .

The government has said that all refineries are operating at high capacity with adequate crude inventories, and maintaining sufficient stocks of petrol and diesel.

4) ഭക്ഷ്യധാന്യങ്ങളുടെ മതിയായ കരുതൽ ശേഖരം രാജ്യത്തുണ്ടെന്നും, എൽ നിനോ പ്രതിഭാസത്തിന്റെ ആഘാതമുണ്ടായാലും ഭക്ഷ്യക്ഷാമം ഉണ്ടാകില്ലെന്നും കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ

Union Finance Minister Nirmala Sitharaman has said that the country has adequate buffer stock of foodgrains and there will be no food shortage despite the impact of El Nino conditions.

5.) സെൻസസ് 2027ന്റെ ഭാഗമായ സെൽഫ് എന്യൂമറേഷൻ പ്രക്രിയയ്ക്ക് കേരളത്തിൽ നാളെ തുടക്കം

The self-enumeration process, part of the 2027 Census, begins in Kerala tomorrow.

6.) സ്ത്രീകൾക്ക് കെഎസ്ആർടിസി ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര ഒരുക്കുന്ന പ്രിയദർശിനി പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി.

The 'Priyadarshini' project, which provides free travel for women in KSRTC ordinary buses, has been launched in the state.

7.) ഫിഫ ലോകകപ്പിൽ ഇന്ന് സ്പെയിൻ കേപ് വെർദെയെയും ബെൽജിയം-ഈജിപ്റ്റിനെയും നേരിടും.

In the FIFA World Cup today, Spain will face Cape Verde, and Belgium will face Egypt.

******************

**EVE. PM – SLOVAKIA (intro)**

വിദേശപര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി, സ്ലൊവാക്യ പ്രധാനമന്ത്രി റോബർട്ട് ഫിക്കോയുമായി ബ്രാറ്റിസ്ലാവയിൽ പ്രതിനിധതല ചർച്ചകൾ നടത്തി. ഇരുരാജ്യങ്ങൾക്കുമിടയിലെ ബന്ധം സമഗ്ര പങ്കാളിത്തമായി ഉയർത്താൻ ധാരണയായതായി കൂടിക്കാഴ്ചയ്ക്ക് ശേഷമുള്ള സംയുക്ത വാർത്ത സമ്മേളനത്തിൽ ശ്രീ മോദി അറിയിച്ചു. പ്രതിരോധം, ഡിജിറ്റൽ സാങ്കേതിക

വിദ്യ, തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ധാരണപത്രങ്ങളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. ഇന്ത്യ-സ്ലൊവാക്യ സഹകരണം പുതിയ തലങ്ങളിലേക്കുയർത്താൻ ഇതിലൂടെ സാധിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.
(ഹോൾഡ്)

ഇന്ത്യ കൈവരിച്ച അതിവേഗ സാമ്പത്തിക വളർച്ചയെയും, ഡിജിറ്റൽ, എ.ഐ രംഗത്തെ മുന്നേറ്റങ്ങളെയും റോബർട്ട് ഫിക്കോ പ്രശംസിച്ചു. യുഎൻ രക്ഷാസമിതിയിൽ ഇന്ത്യയ്ക്ക് സ്ഥിരാംഗത്വം നൽകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കൂടുതൽ വിവരങ്ങളുമായി ബ്രാറ്റിസ്ലാവയിൽ നിന്നും ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....
(ഹോൾഡ്)

******************

## REV. PM - G7

52-ാമത് G-7 ഉച്ചകോടിക്ക് ഫ്രാൻസിലെ ഇവിയനിൽ ഇന്ന് തുടക്കമായി. മൂന്ന് ദിവസത്തെ ഉച്ചകോടിയിൽ G-7 അംഗ രാജ്യങ്ങൾക്ക് പുറമെ ഇന്ത്യ, ബ്രസീൽ, ഈജിപ്ത്, കെനിയ, ദക്ഷിണ കൊറിയ, ഖത്തർ, സൗദി അറേബ്യ, സിറിയ, യുക്രെൻ , യുഎഇ എന്നീ രാജ്യങ്ങളും പങ്കെടുക്കുന്നുണ്ട്. നാളെ നടക്കുന്ന ഔട്ട്റീച്ച് സെഷനുകളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ഇന്ത്യ 13 ആം തവണയാണ് ജി-7 ഉച്ചകോടിയുടെ ഭാഗമാകുന്നത്.

******************

## US-IRAN

പശ്ചിമേഷ്യ സമാധാനത്തിലേക്ക്. 107 ദിവസത്തെ യുദ്ധം അവസാനിപ്പിക്കാനും ഹോർമുസ് കടലിടുക്ക് തുറക്കാനുമുള്ള കരാറിന് അന്തിമ രൂപമായി. ഈ മാസം 19 ന് സ്വിറ്റ്സർലൻഡിൽ വച്ച് സമാധാന കരാറിൽ ഒപ്പിടുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് അറിയിച്ചു.സൈനിക നടപടികൾ അവസാനിപ്പിക്കാനും, ഹോർമുസ് കടലിടുക്ക് തുറക്കാനും, ഇറാനിയൻ തുറമുഖങ്ങൾക്ക് മേലുള്ള യുഎസ് നാവിക ഉപരോധം നീക്കാനും ധാരണയിലായി. കരാർ ഔദ്യോഗികമായി

ഒപ്പുവെച്ചതിന് ശേഷം വെള്ളിയാഴ്ച ഹോർമുസ് കടലിടുക്ക് തുറക്കുമെന്ന് ട്രംപ് പറഞ്ഞു. കരാർ ഒപ്പിട്ട് 60 ദിവസത്തിനുള്ളിൽ, ഇറാൻറെ ആണവ സമ്പുഷ്ടീകരണം ഉൾപ്പടെയുള്ള വിഷയങ്ങളിൽ യുഎസും ഇറാനും ചർച്ച നടത്തണമെന്ന് കരാർ വ്യവസ്ഥ ചെയ്യുന്നു. ലെബനൻ അടക്കമുള്ള പ്രദേശങ്ങളിലെ യുദ്ധം ഇന്ന് രാത്രി മുതൽ ശാശ്വതമായി അവസാനിക്കുമെന്ന് ഇറാൻ അറിയിച്ചു.

******************

## PM- US- IRAN

പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിച്ച്, സമാധാന കരാറിൽ ഒപ്പുവയ്ക്കാനുള്ള അമേരിക്കയുടെയും ഇറാന്റെയും തീരുമാനത്തെ സ്വാഗതം ചെയ്ത് ഇന്ത്യ. മേഖലയിൽ സമാധാനവും സുസ്ഥിരതയും സഞ്ചാര സ്വാതന്ത്ര്യവും പുനഃസ്ഥാപിക്കാൻ തീരുമാനം സഹായിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി.

******************

## REV INTER-MINISTERIAL-WEST ASIA (INTRO)

രാജ്യത്ത് പെട്രോളിന്റെയും ഡീസലിന്റെയും ശേഖരം മതിയായ അളവിൽ ലഭ്യമാണെന്ന് കേന്ദ്ര സർക്കാർ . വാണിജ്യ-വ്യാവസായിക, സ്ഥാപന ഉപഭോക്താക്കൾ ചില്ലറ വിൽപ്പനശാലകളിൽ നിന്ന് പെട്രോളും ഡീസലും വാങ്ങുന്നതിന് സർക്കാർ താൽക്കാലിക നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടെന്നും പെട്രോളിയം മന്ത്രാലയം ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു.

(ബൈറ്റ്)

ഇന്ത്യയിലേക്കുള്ള 62,370 മെട്രിക് ടൺ എൽഎൻജിയുമായി ദിശ എന്ന കപ്പൽ ഹോർമുസ് കടന്നതായി ഷിപ്പിങ്ങ് മന്ത്രാലയം അറിയിച്ചു. കപ്പൽ വ്യാഴാഴ്ച ഗുജറാത്ത് തീരത്തെത്തും. രാജ്യത്ത് രാസവള ശേഖരം മതിയായ തോതിലുണ്ടെന്നും കേന്ദ്രസർക്കാർ അറിയിച്ചു.

******************

## SITHARAMAN-FOOD GRAINS (Intro)

രാജ്യത്ത് ഭക്ഷ്യധാന്യങ്ങളുടെ മതിയായ കരുതൽ ശേഖരമുള്ളതിനാൽ എൽ നിനോ പ്രതിഭാസത്തിന്റെ ആഘാതമുണ്ടായാലും ഭക്ഷ്യക്ഷാമം ഉണ്ടാകില്ലെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. കാലവർഷം ഇക്കുറി സാധാരണയേക്കാൾ കുറവായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. റാബി സീസണിലേക്കുള്ള വളം വിതരണം നവംബർ മുതൽ ആരംഭിക്കുമെന്നും ന്യൂഡൽഹിയിൽ നടന്ന പരിപാടിയിൽ ധനമന്ത്രി അറിയിച്ചു.

(voice)

******************

## JITENDRA - 12 YEARS GOV

കഴിഞ്ഞ 12 വർഷത്തിനിടയിൽ, ഇന്ത്യയുടെ വികസന യാത്രയുടെ പ്രധാന ചാലകശക്തികളായി ശാസ്ത്രവും സാങ്കേതികവിദ്യയും ഉയർന്നുവന്നതായും ഭരണം, നവീകരണം, പൊതുജനക്ഷേമം എന്നിവയുടെ നെടുംതൂണായി അവ മാറിയെന്നും കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹ മന്ത്രി ജിതേന്ദ്ര സിംഗ് .

ശാസ്ത്ര സാങ്കേതികവിദ്യയെ, ദേശീയ ദൗത്യങ്ങളുടെയും മുൻനിര പരിപാടികളുടെയും അവിഭാജ്യ ഘടകമാക്കാൻ സർക്കാരിന് സാധിച്ചിട്ടിട്ടുണ്ടെന്നും മന്ത്രി ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

******************

## CENSUS

സംസ്ഥാനത്ത് സെൻസസ് 2027ന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ജൂലൈ 1 മുതൽ ആരംഭിക്കും. പൊതുജനങ്ങൾക്ക് സ്വയം വിവരങ്ങൾ രേഖപ്പെടുത്താവുന്ന , 15 ദിവസത്തെ സെൽഫ് എന്യൂമറേഷന് നാളെ തുടക്കമാകും. se.census.gov.in പോർട്ടൽ വഴി കുടുംബ വിവരങ്ങൾ നേരിട്ട് സമർപ്പിക്കാം.

******************

## Priyadarshini BUS

സ്ത്രീകൾക്ക് കെഎസ്ആർടിസിയുടെ ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര ഒരുക്കുന്ന പ്രിയദർശിനി പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി. സ്ത്രീകൾക്ക് സാമൂഹ്യ-സാമ്പത്തിക മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന ജനക്ഷേമ ഇടപെടലാണ് പദ്ധതിയെന്ന് ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു.

******************

## Shigella

കോഴിക്കോട് വീണ്ടും ഷിഗെല്ല മരണം റിപ്പോർട്ട് ചെയ്തതോടെ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്. ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ നേതൃത്വത്തിൽ ഹോട്ടലുകളിലും ബേക്കറികളിലും ഉൾപ്പടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. കോഴിക്കോട് രണ്ടു കുട്ടികൾക്ക് കൂടി ഇന്ന് ഷിഗെല്ല സ്ഥിരീകരിച്ചു.

******************

## IDY-CURTAIN RAISER

12-ാമത് അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ചു. ഈ വർഷത്തെ യോഗ ദിനാഘോഷങ്ങൾക്ക, കൊൽക്കത്തയിലെ റെഡ് റോഡിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകുമെന്ന് കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ് ചടങ്ങിൽ പറഞ്ഞു.

******************

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

******************

## FIFA WORLD CUP

ഫിഫ ലോകകപ്പിൽ ഇന്ന് സ്പെയിൻ കേപ് വെർദെയെ നേരിടും. രാത്രി 9.30നാണ് മത്സരം. രാത്രി 12.30 നു നടക്കുന്ന മത്സരത്തിൽ ബെൽജിയം , ഈജിപ്റ്റിനെ നേരിടും. പുലർച്ചെ 3.30 നാണ് സൗദി അറേബ്യ - യുറുഗ്വേ പോരാട്ടം.

******************

## UK U-16 SOCIAL MEDIA

16 വയസിന് താഴെയുള്ള കുട്ടികൾക്ക് സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ നിരോധിച്ച് യു കെ ഭരണകൂടം. യുവതലമുറയ്ക്ക് ബാല്യം തിരിച്ചുനൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഇത് നടപ്പാക്കുന്നതെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ വ്യക്തമാക്കി. ഗെയിമിംഗ് വെബ്സൈറ്റുകൾ ഉൾപ്പെടെ വിവിധ ഓൺലൈൻ സേവനങ്ങൾക്കും നിയന്ത്രണങ്ങൾ ബാധകമാണ്.

******************

## PIB FactCheck

22,000 രൂപ നിക്ഷേപിച്ചാൽ പ്രതിദിനം ഒരു ലക്ഷം രൂപയും ഒരു മാസം 30 ലക്ഷം രൂപയും തിരികെ ലഭിക്കുന്ന നിക്ഷേപ പ്ലാറ്റ്ഫോമിനെ കുറിച്ച് സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടേയും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെയും വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഈ വീഡിയോ നിർമിത ബുദ്ധി ഉപയോഗിച്ച് നിർമിച്ചതാണെന്നും ഇത്തരമൊരു നിക്ഷേപ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടില്ലെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക് വിഭാഗം അറിയിച്ചു.

******************

**********

***